**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 291** **29-01-2024 - ൽ മറുപടിയ്ക്ക്**

**പുതുതായി മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിൽ പുതുതായി മുൻഗണനാ കാർഡുകൾ നൽകുന്നതിനു വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | എല്ലാ മാസവും, ചികിത്സാർത്ഥം ഗുരുതര രോഗമുള്ളവർ ഉൾപ്പെടുന്ന റേഷൻകാർഡ് തരംമാറ്റുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് യോഗ്യരായവർക്ക് കാർഡുകൾ മുൻഗണനയിലേക്ക് മാറ്റി വരുന്നു. കൂടാതെ തരം മാറ്റുന്നതിനായി ആവശ്യമായ രേഖകൾ സഹിതം സർക്കാർ നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ ഓൺലൈനായി നേരിട്ടോ അക്ഷയ മുഖേനയോ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ചും അർഹരായവർക്ക് മുൻഗണനാകാർഡ് അനുവദിച്ചു വരുന്നു. തരം മാറ്റുന്നതിനായി നവകേരള സദസ്സ് മുഖേന ലഭിച്ച 64 അപേക്ഷകളിൽ 29 എണ്ണം മുൻഗണനയ്ക്കുള്ള കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോതമംഗലം താലൂക്കിൽ 2618 മുൻഗണനാ കാർഡുകൾ നൽകിയിട്ടുണ്ട്.<br><br>പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂ എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നതോടൊപ്പം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ പട്ടികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | താലൂക്കിലെ അർഹരായ മുഴുവൻ പേർക്കും മുൻഗണനാ കാർഡുകൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | പിരിവ് (എ) യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ